(ബി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്നവരെയും സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിന് അർഹരാണ്. ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ

191 (5544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇത്തരക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാണോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായുള്ള നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ കേരളത്തിലെ ഭിന്ന ലിംഗക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സർവ്വേ നടത്തുകയും ആയതിൽനിന്നും സംസ്ഥാനത്തിൽ ആകെ ഏകദേശം നാലായിരത്തോളം ഭിന്നലിംഗക്കാർ ഉള്ളതായി കണക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

മാതൃകാ അങ്കണവാടികൾ

192 (5545) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/അമ്മമാർ, വയോജനങ്ങൾ എന്നിവർക്കുള്ള സേവനം ഒരു അങ്കണവാടി മുഖേന നൽകുക എന്നതാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഒരു നിയോജക മണ്ഡലത്തിൽ ഒന്നുവീതമാണ് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. നാളിതുവരെ 108 നിയോജക മണ്ഡലങ്ങളിൽ മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും 44 മാതൃക അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്. ആയതിനോടൊപ്പം 15% വരെ അധികരിക്കുന്ന തുകയും വിനിയോഗിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിവരുന്നു. നിലവിൽ നിർമ്മാണം പൂർത്തികരിച്ച മാതൃക അങ്കണവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നീ സാധന സാമഗ്രികൾ വാങ്ങുന്നതിനും ടി അങ്കണവാടികളിലെ ഉദ്യോഗസ്ഥർക്ക് ടി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ച് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാതൃകാ അങ്കണവാടിക്ക് പുതിയ കെട്ടിടം

193 (5546) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേലൂർ പഞ്ചായത്തിലെ 15-ാം വാർഡിൽ 114-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ബ്ലോക്കിൽ ഉൾപ്പെട്ടതും കൊടകര പഞ്ചായത്തുൾപ്പെടുന്ന പുതുക്കാട് ബ്ലോക്കിലേയും ഏതെല്ലാം അങ്കണ വാടികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ ?